7, മാർച്ച്, 2006

എല്ലാ നോൺ - ബാങ്കിങ്ങ് ഫൈനാൻഷ്യൽ കമ്പനികളുടേയും
പലവക നോൺ - ബാങ്കിങ്ങ് കമ്പനികളുടേയും
റസിഡ്വറി നോൺ - ബാങ്കിങ്ങ് കമ്പനികളുടേയും ശ്രദ്ധയ്ക്ക്.

സാർ,

നിങ്ങളുടെ ഉപഭോക്താവിനെ അറിയൽ (KYC) മാർഗനിർദ്ദേശങ്ങൾ

മേൽപ്പറഞ്ഞ വിഷയത്തെക്കുറിച്ച് 2005 ഫെബ്രുവരി 21ന് ഞങ്ങൾ പുറപ്പെടുവിച്ച സർക്കുലർ നോക്കുക. പ്രസ്തുത സർക്കുലറിൽ എല്ലാ എൻ ബി എഫ് സി കളോടും പുതിയ ഉപഭോക്താക്കളെ സ്വീകരിക്കുന്നതു സംബന്ധിച്ച്. ഒരു നയം ആവിഷ്ക്കരിക്കുവാനും ബാങ്കിൽ അക്കൗണ്ട് തുറക്കാനെത്തുന്ന ഉപഭോക്താക്കളെ തിരിച്ചറിയുന്നതിനുള്ള ഒരു രീതി ആവിഷ്ക്കരിക്കുവാനും ഞങ്ങൾ ആവശ്യപ്പെട്ടിരുന്നു.
ഡിപ്പാർട്ട്മെന്റ് ഓഫ് ബാങ്കിങ്ങ് ഓപ്പറേഷൻസ് ആന്റ് ഡെവലപ്പ്മെന്റ് (ഡി ബി ഒ ഡി) പുറപ്പെടുവിച്ചിട്ടുളള മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് ഇക്കാര്യങ്ങൾ ചെയ്യേണ്ടത്. എൻ ബി എഫ് സി കളോട്, ഉപഭോക്താക്കളെ, അവരുടെ ക്രയവിക്രയങ്ങളുമായി ബന്ധപ്പെട്ട പ്രതീക്ഷിക്കുന്ന റിസ്കിന്റെ തോതനുസരിച്ച് ഹൈ റിസ്ക്, ലോ റിസ്ക്, മീഡിയം റിസ്ക് എന്നിങ്ങനെ മൂന്നായി തരംതിരിക്കാനും നിർദ്ദേശിച്ചിരുന്നു. നിങ്ങളുടെ ഉപഭോക്താവിനെ അറിയുക എന്ന പരിപാടിയുടെ മാർഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഉപഭോക്താക്കളുടെ ..........